കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ഈ പ്രശ്നങ്ങളൊക്കെ അനുഭാവപൂർവ്വം ഗവൺമെന്റ് പരിഗണിച്ചുവരികയാണ്. സ്വാഭാവികമായിട്ടും പരിഹരിക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി കാർഷിക സർവ്വകലാശാലയുടെ പടന്നക്കാട് കേന്ദ്രത്തിന്റെ വികസനത്തിന് നിരവധി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അക്കാഡമിയുടെയും, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഓരോ ഹോസ്റ്റലിന്റെയും പണി പൂർത്തിയായിട്ടുണ്ട്. 1998 ആഗസ്റ്റിൽതന്നെ പടന്നക്കാട് ക്യാമ്പസിലേയ്ക്ക് കോളേജ് മാറ്റിയിട്ടുണ്ട്. കോളേജിലെ വിവിധ ക്ലാസ്സുകളിലേയ്ക്ക് ആവശ്യമുള്ള ഫർണിച്ചറുകളും മറ്റും വാങ്ങിക്കഴിഞ്ഞു. പണി പൂർത്തിയാക്കിയ ആഡിറ്റോറിയത്തിലെ മറ്റ് സജ്ജീകരണങ്ങൾ പൂർത്തിയാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. കോളേജിലെ 500 കെ.വി. സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്തുകഴിഞ്ഞു. ഫുട്ബോൾ, വോളിബോൾ, ബാസ്ക്കറ്റ്ബോൾ തുടങ്ങി സ്പോർട്സുകൾക്ക് ആവശ്യമായ കോർട്ടുകൾ പൂർത്തീകരിച്ചു. കമ്പ്യൂട്ടർ സെന്റർ സ്ഥാപിച്ചു. കാർട്ടേഴ്സിന്റെയും ഫ്ളാറ്റുകളുടെയും പണി പൂർണ്ണമായ തോതിൽ പുരോഗമിച്ചു വരുന്നു. ടീച്ചിംഗ് സ്റ്റാഫിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് പുനർക്രമീകരണം നടത്തുന്നതും നോൺ-ടീച്ചിംഗ് സ്റ്റാഫിന്റെ ഒഴിവുകൾ നികത്തുന്നതിനും നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പീലിക്കോട്, നീലേശ്വരം കേന്ദ്രങ്ങളിലെ ജലസേചന പദ്ധതികൾ വികസിപ്പിക്കുകയും മാതൃകാപരമായി തെങ്ങ് മുഖ്യവിളയായിട്ടുള്ള ഒരു സംയോജിത കൃഷിരീതി കർഷകർക്ക് കണ്ടു മനസ്സിലാക്കുന്നതിനുള്ള ഒരു പദ്ധതി തുടങ്ങുകയും ചെയ്തിട്ടുണ്ട്. സങ്കരയിനം തെങ്ങിൻതൈകൾ വിപുലമായ തോതിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. നെല്ലിനങ്ങളും പച്ചക്കറിയിനങ്ങളും വികസിപ്പിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു. ഒട്ടുമാവിൻ തൈകൾ, പച്ചക്കറി വിത്തുകൾ എന്നിവ ഉല്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. മൃഗസംരക്ഷണരംഗത്തും നിരവധി പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. സുപ്രസിദ്ധകവി തിരുമുമ്പിന്റെ സ്മരണയ്ക്കായി ഗവേഷണ കേന്ദ്ര പരിധിയിൽവരുന്ന അദ്ദേഹത്തിന്റെ ഭവനം പുനരുദ്ധരിച്ച് ഒരു സാംസ്കാരിക കേന്ദ്രം ആരംഭിക്കുവാൻ തീരുമാനിക്കുകയും അതിനുള്ള പ്രാരംഭനടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കഴിയുന്നതുംവേഗം ഇവിടെ പരാമർശിച്ച എല്ലാ കാര്യങ്ങളും പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ദ്രുതഗതിയിൽ നടത്തുന്നതാണ്.

(8) പൈനാപ്പിൾ കർഷകർ നേരിടുന്ന പ്രതിസന്ധി

ശ്രീ. വി.ജെ. പൗലോസ് : സർ, കേരളത്തിലെ പൈനാപ്പിൾ കൃഷിക്കാർ പൊതുവെയും എറണാകുളം ജില്ലയിലെ കൃഷിക്കാർ പ്രത്യേകിച്ചും അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. അരി മുതൽ ഇല വരെയുള്ള സാധനങ്ങൾ അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവന്ന് നമ്മുടെ ആവശ്യങ്ങൾ നിർവ്വഹിക്കുന്ന ഒരു കാലഘട്ടമാണ് ഇപ്പോഴുള്ളത്. അതിൽനിന്നും വ്യത്യസ്തമായി നമുക്കെല്ലാപേർക്കും അഭിമാനിക്കാൻ കഴിയത്തക്കവിധത്തിൽ കേരളത്തിലെ കാർഷികമേഖലയിൽ ഒരു റവല്യൂഷൻ എന്നു പറയത്തക്കരീതിയിൽ പൈനാപ്പിൾ കൃഷി വ്യാപകമായി വർദ്ധിച്ചിരിക്കുകയാണ്. ആദ്യം മൂവാറ്റുപുഴയിലും എറണാകുളം ജില്ലയിലെ കിഴക്കൻ പ്രദേശങ്ങളിലും ആരംഭിച്ച ഈ കൃഷി ക്രമേണ മറ്റ് ജില്ലകളിലേയ്ക്കും വ്യാപിച്ചു. കേരളത്തിലെ മലയാളികളായി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ള കൃഷിക്കാർ കേരളത്തിനു വെളിയിലും വ്യാപകമായി പൈനാപ്പിൾ കൃഷി ചെയ്തുകൊണ്ടിരിക്കുകയാണ്. അങ്ങനെ ആ മേഖലയിൽ വലിയ ഉൽപ്പാദനം ഉണ്ടായിരിക്കുന്നു. ഉൽപ്പാദനം വർദ്ധിച്ചുവരുമ്പോൾ സംസ്കരണം ഒരു ആവശ്യമായിത്തീരും എന്നുള്ളത് കണ്ടുകൊണ്ട് കൃഷിക്കാരുടെ നിരവധി വർഷത്തെ ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് മൂവാറ്റുപുഴയിൽ ഒരു സംസ്കരണ ഫാക്ടറി ആരംഭിക്കുകയുണ്ടായി. അതിന്റെ പ്രവർത്തനം ആരംഭിച്ചപ്പോഴേയ്ക്കും ഫാക്ടറി അധികൃതർ കർഷകദ്രോഹമായിട്ടുള്ള നിഷേധാത്മകമായ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. പൈനാപ്പിൾ സംസ്കരിക്കുന്നതിനുവേണ്ടി ആരംഭിച്ച ആ ഫാക്ടറി സമീപകാലത്ത് പ്രവർത്തനം ആരംഭിച്ചപ്പോൾ ഫാക്ടറി അധികാരികൾ അന്യ സംസ്ഥാനങ്ങളിൽനിന്ന് മാമ്പഴം ഉൾപ്പെടെയുള്ള പഴവർഗ്ഗങ്ങൾ കൊണ്ടുവന്ന് സംസ്കരിക്കുന്നതിലാണ് കൂടുതൽ താല്പര്യം കാണിച്ചിട്ടുള്ളത്. അതിനെ സംബന്ധിച്ച് പൈനാപ്പിൾ കൃഷിക്കാർക്ക് വളരെയേറെ പ്രതിഷേധമുണ്ട്. അവിടെ നിരവധി സംഘടനകൾ പ്രക്ഷോഭവുമായി മുന്നോട്ടുവന്നിട്ടുണ്ട്. കക്ഷിരാഷ്ട്രീയ ഭേദമന്യേ അവർ ഇന്ന് സമരരംഗത്താണ്. ഇപ്പോൾ ഗവൺമെന്റും ഫാക്ടറിയിലെ അധികാരികളും കൂടി ഇടപെട്ട് ഉണ്ടാക്കിയിട്ടുള്ള ഒരു ധാരണയെക്കുറിച്ച് വ്യാപകമായി ഉൽപ്പാദിപ്പിക്കുന്ന പൈനാപ്പിൾ ഫാക്ടറിയുടെ ചുറ്റുവട്ടത്തുള്ള മൂവാറ്റുപുഴയിലെ അഞ്ചു പഞ്ചായത്തുകളിൽനിന്നും മാത്രമേ സംഭരിക്കൂ എന്നുള്ള ഒരു പിടിവാശിയിൽ നിൽക്കുകയാണ്. ഈ അഞ്ചു പഞ്ചായത്തുകൾക്കു പുറത്തുള്ള കൃഷിക്കാരുടെ പൈനാപ്പിൾ ഈ ഫാക്ടറി വാങ്ങിക്കുന്നില്ല, മൂവാറ്റുപുഴയിലെ മറ്റ് പഞ്ചായത്തുകൾ, കോതമംഗലം, തൊടുപുഴ താലൂക്കുകളിൽനിന്നും പൈനാപ്പിൾ എടുക്കുന്നില്ല. ഇത്തരം നിലപാട് സ്വീകരിച്ചതുകാരണം ഗുരുതരമായ പ്രതിസന്ധി ഈ മേഖലയിൽ ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്. അതിന് പരിഹാരം ഉണ്ടാകത്തക്കരീതിയിലുള്ള നടപടികൾ ഈ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, കെ.എച്ച്.ഡി.പി. യുടെ മൂവാറ്റുപുഴയിലുള്ള പഴം സംസ്കരണ ഫാക്ടറി 1988 ഡിസംബറിലാണ് കൈതച്ചക്ക സംസ്കരണം ആരംഭിച്ചത്. 1998 ഡിസംബർ മുതൽ 1999 ഏപ്രിൽവരെയുള്ള കാലയളവിൽ ഫാക്ടറിക്ക് ഒരു ദിവസം ഒരു ഷിഫ്റ്റുപോലും പ്രവർത്തിക്കുന്നതിന് ആവശ്യമായ കൈതച്ചക്ക ലഭിക്കുമായിരുന്നില്ല എന്നുള്ളതാണ് വസ്തുത. ഈ സാഹചര്യത്തിൽ നാഷണൽ ഡയറി ഡെവലപ്പ്മെന്റ് ബോർഡുമായി അവർ നൽകുന്ന മാമ്പഴം സംസ്കരിച്ചുനൽകുവാൻ ഒരു കരാറുമുണ്ടാക്കി. എന്നാൽ പൈനാപ്പിൾ കൃഷിക്കാരുടെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് മൂവാറ്റുപുഴ ഫാക്ടറിയുമായി ബന്ധപ്പെട്ട പ്രദേശങ്ങളിലെ പൈനാപ്പിൾ കൃഷിക്കാരുടെ പ്രതിനിധികളുടെ ഒരു യോഗം കൃഷിമന്ത്രി വിളിച്ചുചേർക്കുകയുണ്ടായി. ആഴ്ചയിൽ മുന്നുദിവസംവീതം പൈനാപ്പിൾ ശേഖരിക്കുവാൻ തീരുമാനിച്ച വിവരം കൃഷിമന്ത്രിതന്നെ ഈ സഭയിൽ ഇതിനുമുമ്പ് പറഞ്ഞിട്ടുള്ളതാണ്. അന്തിമമായി കർഷകർക്ക് മുൻതൂക്കമുള്ള ഒരു കമ്പനിയായി ഈ പഴ സംസ്കരണശാല രജിസ്റ്റർ ചെയ്യപ്പെടുന്നതാണ്. പൈനാപ്പിൾ മേഖലയായി അംഗീകരിക്കപ്പെട്ടിട്ടുള്ള അയവന, ആരക്കുഴ, ആവോലി, മഞ്ഞള്ളൂർ, കല്ലൂർക്കാട് പഞ്ചായത്തുകളിലെ കർഷകർക്കാണ് ഈ കമ്പനിയിൽ ഓഹരികൾ നൽകുവാൻ ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിലാണ് ഈ പഞ്ചായത്തുകളിൽനിന്നും പൈനാപ്പിൾ ശേഖരിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. ഏതെങ്കിലും പഞ്ചായത്തിനോട് വിവേചനപരമായി പെരുമാറുവാൻ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. ഫാക്ടറിയുടെ സംസ്കരണശേഷിയുടെ അടിസ്ഥാനത്തിൽ പ്രായോഗികമായി ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്ന് ഗവൺമെന്റ് പരിശോധിക്കുന്നതാണ്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അപ്പോൾ ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച വിഷയങ്ങൾ തീർച്ചയായും പരിശോധനാവിധേയമാക്കുന്നതാണ്.

(9) അഭിഭാഷക ക്ഷേമനിധി

<u>ശ്രീ. സി.എൻ. ജയദേവൻ</u> : സർ, അഭിഭാഷക ക്ഷേമനിധിയിലേയ്ക്ക് അനുവദിച്ചിട്ടുള്ള സംഖ്യ വർദ്ധിപ്പിക്കണമെന്ന അഭിഭാഷക സംഘടനകളുടെ ആവശ്യം മുന്നിൽവച്ചുകൊണ്ട് അഭിഭാഷക ക്ഷേമനിധി അഞ്ചു ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്നുള്ള സബ്മിഷനാണ് ഞാനിവിടെ അവതരിപ്പിക്കുന്നത്. അഭിഭാഷക ക്ഷേമനിധി നിലവിലുള്ളത് ഒരു ലക്ഷം രൂപയാണ്. 30 വർഷം പ്രാക്ടീസ് പൂർത്തിയാക്കുന്ന ഒരാൾക്കാണ് ഇപ്പോൾ ഒരു ലക്ഷം രൂപ നൽകുന്നത്. ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള അഡ്വക്കേറ്റുമാർ എല്ലാ വർഷവും ഒരു നിശ്ചിത തുക ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കുകയും ഓരോ വക്കാലത്തിനും ക്ഷേമനിധി സ്റ്റാമ്പ് പതിപ്പിക്കുകയും ചെയ്യുമ്പോഴാണ് ക്ഷേമനിധി നൽകുന്നതിനുള്ള തുക ലഭിക്കുന്നത്. കേരള അഡ്വക്കേറ്റ് വെൽഫെയർ ഫണ്ട് ട്രസ്റ്റീസ് കമ്മിറ്റിയാണ് ഈ തുക കൈകാര്യം ചെയ്യുന്നത്. ഇപ്പോൾ ഈ തുകയ്ക്ക് ഗവൺമെന്റിന് യാതൊരു ബാദ്ധ്യതയുമില്ല. നീതിനിർവഹണത്തിൽ പ്രധാനപ്പെട്ട പങ്കുവഹിക്കുന്ന അഭിഭാഷക സമൂഹത്തിന് ഈ തുക തികച്ചും അപര്യാപ്തമാണ്. ക്ഷേമനിധി തുക ഒരു ലക്ഷം രൂപയിൽ നിന്നും അഞ്ചുലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്നുള്ള ആവശ്യം വിവിധ അഭിഭാഷക സംഘടനകൾ വളരെക്കാലങ്ങളായി ഉയർത്തിക്കൊണ്ടിരിക്കുന്നു. അഞ്ചു ലക്ഷം രൂപയായി വർദ്ധിപ്പിച്ചാൽ സർക്കാരിന് യാതൊരുവിധ പുതിയ സാമ്പത്തിക ബാദ്ധ്യതയും ഇതുകൊണ്ട് ഉണ്ടാകുന്നില്ല. ഇപ്പോൾ ഈ തുക അതിനായി ഉപയോഗിക്കുന്നുമില്ല. കോർട്ട് ഫീ സ്റ്റാമ്പിനത്തിൽ വരുന്ന തുകയുടെ 50% അഭിഭാഷക ക്ഷേമനിധിയിലേയ്ക്ക് മാറ്റിക്കൊടുക്കാൻ സർക്കാർ തയ്യാറായാൽ സർക്കാരിന് പുതിയ സാമ്പത്തിക ബാദ്ധ്യതയില്ലാതെതന്നെ ക്ഷേമനിധി തുക വർദ്ധിപ്പിക്കാൻ കഴിയും. ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും അനുകൂലമായ തീരുമാനം അടിയന്തിരമായി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി <u>(ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ)</u> : സർ, ഒരു ലക്ഷം രൂപയെന്നുള്ളത് മൂന്നു ലക്ഷം രൂപയാക്കുന്നതിനുള്ള ഒരു നിർദ്ദേശം പരിഗണനയിലുണ്ട്. ഇതുമായി ബന്ധപ്പെട്ട് പല പ്രശ്നങ്ങളുമുണ്ട്. അതിന് ബാർ കൗൺസിലിന്റെ അഭിപ്രായം ചോദിച്ചിരിക്കുകയാണ്. റവന്യൂ വരുമാനത്തെ സംബന്ധിച്ചും ഇതിനുള്ള കാശിനെ സംബന്ധിച്ചുമൊക്കെയുള്ള ബാർ കൗൺസിലിന്റെ നിർദ്ദേശങ്ങൾ വന്നുകഴിഞ്ഞാൽ പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(10) പാലക്കാട് ജില്ലയിലെ തണ്ടാർ സമുദായങ്ങൾക്ക് പട്ടികജാതി സർട്ടിഫിക്കറ്റ് നൽകാത്തതുസംബന്ധിച്ച്

<u>ശ്രീ. കെ. അച്ചുതൻ</u> : സർ, മുഖ്യമന്ത്രി മറുപടി പറയാൻ വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ തന്നിരുന്നത്. ഇപ്പോൾ പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രിയാണ് മറുപടി പറയാനായി എഴുതി തന്നിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly